**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 202** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>നെന്മാറ സി.എച്ച്.സി.യിലെ മെയിന്റനൻസ് പ്രവർത്തനങ്ങൾ സംബന്ധിച്ച്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. പ്രേമൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** നെന്മാറ സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡിന്റെ അടിയന്തര സിവിൽ, ഇലക്ട്രിക്കൽ മെയിന്റനൻസ് പ്രവൃത്തികൾ നടത്തുന്നതിനായി കിഫ്ബിയുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നെന്മാറ സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡിന്റെ സിവിൽ, ഇലക്ട്രിക്കൽ മെയിന്റനൻസ് പ്രവർത്തികൾക്കായി ആകെ ₹4,30,260/- (ജി.എസ്.ടി ഉൾപ്പെടെ) രൂപയുടെ വിശദമായ എസ്റ്റിമേറ്റ് KMSCL- ന്റെ പദ്ധതി വിഭാഗം പരിശോധിച്ച് സാങ്കേതികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള അടിയന്തര മെയിന്റനൻസ് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി 07.10.2026-ൽ കിഫ്ബിയിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**(ബി)** പ്രസ്തുത പ്രവൃത്തികൾക്ക് കിഫ്ബിയുടെ സാങ്കേതികാനുമതി അടിയന്തരമായി ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിയായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;ഇതിനായി എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** നെന്മാറ സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡിന്റെ സിവിൽ, ഇലക്ട്രിക്കൽ മെയിന്റനൻസ് പ്രവർത്തികൾക്കായി ആകെ ₹4,30,260/- (ജി.എസ്.ടി ഉൾപ്പെടെ) രൂപയുടെ വിശദമായ എസ്റ്റിമേറ്റ് KMSCL -ന്റെ പദ്ധതി വിഭാഗം പരിശോധിച്ച് സാങ്കേതികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുകയും പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള അടിയന്തര മെയിന്റനൻസ് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി 07.10.2026-ൽ കിഫ്ബിയിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**(സി)** മെയിന്റനൻസിനായി തയ്യാറാക്കിയ എസ്റ്റിമേറ്റിന് കിഫ്ബിയിൽ നിന്ന് അനുമതി ലഭ്യമാക്കി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും വാർഡ് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** നെന്മാറ സി.എച്ച്.സി.യിലെ ഐസൊലേഷൻ വാർഡിന്റെ അടിയന്തര മെയിന്റനൻസ് എസ്റ്റിമേറ്റിന് കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ, നിർമ്മാണ ഏജൻസിയായ M/s. Habitat Technology Group മുഖേന ഭരണാനുമതി വ്യവസ്ഥകൾക്കും, കിഫ്ബിയുടെ നിർദ്ദേശങ്ങൾക്കും വിധേയമായി പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കി വാർഡ് സമയബന്ധിതമായി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിനുള്ള തുടർനടപടികൾ നിർവ്വഹണ ഏജൻസിയായ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**